പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 744 07.11.2016 ലെ മറുപടിയ്ക്ക്

## കാർഷിക തൊഴിൽമേഖല ആകർഷകമാക്കുന്നതിന് കർമ്മ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | കാർഷിക തൊഴിൽമേഖല കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കാർഷിക തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>അഗ്രോ സർവ്വീസ് സെന്ററുകളുടെ സ്ഥാപനം. കാർഷിക കർമ്മ സേനയെ ശക്തിപ്പെടുത്തുന്നതിനായി കാർഷിക കർമ്മ സേനകളെയും അഗ്രോ സർവ്വീസ് സെന്ററുകളെയും ഏകോപിപ്പിച്ച് ആധുനിക കൃഷി രീതിയിലും കാർഷിക യന്ത്ര സംവിധാനത്തിലും പരിശീലനം സിദ്ധിച്ച കാർഷിക കർമ്മ സേനയെ സംസ്ഥാന വ്യാപകമാക്കുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാനമായി നടപ്പിലാക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഗ്രോസെന്ററുകളുടെ പ്രവർത്തനം ഇതിനുവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | ഇതിനായി എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | നടപ്പു സാമ്പത്തിക വർഷം അഗ്രോസർവ്വീസ് സെന്ററുകൾക്കായി 31 കോടി രൂപയും കാർഷിക കർമ്മ സേനകൾക്ക് ധനസഹായമായി 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ